ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ : ശ്രീ.ബി.ടി.വി.കൃഷ്ണൻ, ബി.ടെക്)

**ഉത്തരവ് നം. ബി2-153/2020/എച്ച്.ഇ.സി.ഇ തീയതി. 27/07/2020**

വിഷയം: ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / മൂന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിലേയ്ക്ക് ബ്ലൂപ്രിന്റർ തസ്തികയിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനം – ശ്രീമതി.കെ.ആർ.രമയെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. 17/06/2020 ലെ ഈ കാര്യാലയത്തിലെ ബി2-117/2020/എച്ച്.ഇ.സി.ഇ നമ്പർ ഉത്തരവ്.
2. 22/06/2020 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ
3. 25/06/2020 തീയതിയിലെ എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എ 3-3139/2011/ഇഇ നമ്പർ കത്ത്.
4. ശ്രീമതി.കെ.ആർ.രമയുടെ 24/06/2020 ലെ അപേക്ഷ.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ബ്ലൂപ്രിന്റർ തസ്തികയിൽ നിന്നും മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ബൈട്രാൻസ്ഫർ മുഖേന നിയമനം നേടിയ ശ്രീ.പി.എസ്.രജനീഷിന് രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ട് പരാമർശം (1) മുഖേന ഉത്തരവായിരുന്നു. ആയത്കാരണം ഉണ്ടായ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാന്റെ ഒഴിവിലേയ്ക്ക് ബ്ലൂപ്രിന്റർ തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ നിയമനം നടത്തേണ്ടതുണ്ട്. ടി നിയമനത്തിനായി ക്ഷണിച്ച സർക്കുലർ പ്രകാരം എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ബ്ലൂപ്രിന്റർ ശ്രീമതി.കെ.ആർ.രമയ്ക്ക് സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള നിശ്ചിത യോഗ്യതയുണ്ടെന്നും, ടിയാളുടെ സ്വഭാവം തൃപ്തികരമാണെന്നും പരാമർശം (3) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് പ്രകാരം ടിയാൾക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിന് തടസ്സമില്ലായെന്ന് വ്യക്തമാകുന്ന സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ബ്ലൂപ്രിന്റർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.കെ.ആർ.രമയെ 19000 – 43600 രൂപ ശമ്പള സ്കെയിലിൽ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / മൂന്നാം ഗ്രേഡ് ഓവർസിയർ

Sh/wfh

(സിവിൽ) തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി എറണാകുളം ഡിവിഷൻ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടിയാളുടെ സേവനത്തിൽ തുടർച്ചയായ 3 വർഷത്തിൽ 2 വർഷം പ്രൊബേഷൻ ആയിരിക്കുന്നതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി.രമ.കെ.ആർ, ബ്ലൂപ്രിന്റർ (ഓഫീസ് മേധാവി മുഖേന)

പകർപ്പ് :
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖല, എറണാകുളം.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, എറണാകുളം
3. വെബ് സൈറ്റിലേയ്ക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

Sh/wfh